# പാർപ്പിട നിർമ്മാണത്തിന് ഒരു പൊതു നയം വേണം

ഡോ: കെ. ഭാസ്ക്കരൻ നായർ

**1976** ഏപ്രിൽ 9-ാം തീയ്യതി ബോംബെ നഗരസഭയുടെ ആഭിമുഖ്യത്തിൽ നടന്ന ഒരു സമ്മേളനത്തിലെ ദീർഘമായ ചർച്ചകളുടെ അവസാനത്തിൽ, ആ മഹാനഗരം പത്തുവർഷംകൂടി കഴിയുമ്പോൾ മനുഷ്യർക്ക് അധിവാസയോഗ്യമല്ലാതാകും എന്ന നിഗമനത്തിലാണ് അതിൽ പങ്കുകൊണ്ട വിദഗ്ദ്ധന്മാർ ചെന്നെത്തിയത്. നഗരപിതാക്കൾക്കു പുറമെ മഹാരാഷ്ട്ര സംസ്ഥാനത്തെ മുഖ്യമന്ത്രിയും അവിടെ സന്നിഹിതനായിരുന്നു. ആർക്കും ഒരു ശുഭാപ്തിവിശ്വാസവും നൽകുവാൻ ഉതകുന്ന റിപ്പോർട്ടുകളല്ല അവിടെ സമർപ്പിക്കപ്പെട്ടത്. ബോംബെ മാത്രമല്ല, ലോകത്തിലെ വൻനഗരങ്ങളെല്ലാം ശപിക്കപ്പെട്ടുകഴിഞ്ഞു എന്നും ആരുവിചാരിച്ചാലും അവയെ രക്ഷിക്കുവാൻ സാധിക്കുകയില്ലെന്നും പല വിദഗ്ദ്ധന്മാരും, ചൂണ്ടിക്കാണിക്കുകയുണ്ടായി. അററകുററങ്ങൾ തീർക്കുന്നതിനോ, ഏതെങ്കിലും പുതുക്കിപ്പണിയുന്നതിനോ, പണക്കുറവുമൂലം കഴിവില്ലാതായിരിക്കുന്നു എന്ന പ്രയാസം പോകട്ടെ; ശുദ്ധജലം, ശുദ്ധവായു, സഞ്ചാരസൗകര്യം, സൈ്വരജീവിതം, എന്നിവപോലും പൗരജനങ്ങൾക്ക് നൽകുവാൻ സാദ്ധ്യമല്ല എന്ന പ്രതിസന്ധിയാണ് സംജാതമായിരിക്കുന്നത്. ആരോഗ്യത്തിനു മാത്രമല്ല,

---

### എൽ. ഐ. സി. യിൽനിന്ന് 25 ലക്ഷം ക.

എൽ. ഐ. സി. യിൽനിന്നും ആദ്യമായി ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്ക 25ലക്ഷം ക. അനുവദിച്ചുകിട്ടിയ ദിവസം ഞാൻ ഇന്നു ഓർക്കുകയാണ്. ഭവനനിർമ്മാണ സംഘങ്ങളെ ബാധിച്ചിരുന്ന ഏഴരശനി ഇതോടുകൂടി അവസാനിച്ചിരിക്കണം. ദീർഘകാല അടിസ്ഥാനത്തിൽ വേണ്ടുന്ന പണം ലഭ്യമാകുന്നതിനുള്ള സാദ്ധ്യതകൾ തെളിഞ്ഞപ്പോൾ ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്ക കേരളത്തിൽ ഉണർവ്വുണ്ടായി. കണ്ണൂരിൽ മററാത്ത കെട്ടിടനിർമ്മാണ സഹകരണസംഘം ഇതേ തുടർന്നു രൂപപ്പെടുത്തതാണ്. കക്കാട്ട് ഗാന്ധിനഗർ കൊളനിയിൽ 17വീടുകൾ ഉണ്ടാക്കുന്ന ശ്രമങ്ങൾ തുടങ്ങി. കണ്ണൂരിനും തലശ്ശേരിക്കും ഇടയിൽ ഒരു നല്ല സ്ഥലം പരിശോധിച്ച് ഭവനനിർമ്മാണ പദ്ധതിക്കു രൂപംകൊടുക്കുവാൻ അന്നു ശ്രമിച്ചിരുന്നു. ആയത് പ്രാവർത്തികമായിട്ടുണ്ടെന്നറിഞ്ഞു സന്തോഷിക്കുന്നു.

അപെക്സ് ഹൗസിങ്ങ്സംഘം റൂറൽ സംഘങ്ങൾക്കും ബിൽഡിങ്ങ് സംഘങ്ങൾക്കും ആവശ്യമായ വായ്പ നൽകുന്നത് സുശക്തമാക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തു എന്റെ സഹപ്രവർത്തകനായിരുന്ന ശ്രീ. എ. ജി. രാഘവൻപിള്ളയെ ഈ അപെക്സ് സംഘത്തിന്റെ മാനേജിങ്ങ് ഡയറക്ടറായി നിയമിച്ചു.

ഈ കാലയളവിനുള്ളിലാണ് ഞാനിങ്ങകലെ കേരള സർവ്വീസിൽനിന്നും ഡിപ്യൂട്ടേഷനായി നൈജീരിയയിലേക്കു വന്നത്, 1972 ജൂലായിൽ. അഞ്ചരവർഷത്തോളം സഹകരണ ഭവനനിർമ്മാണ രംഗത്തു എന്തു പുരോഗതി കേരളത്തിൽ കൈവന്നുവെന്നെനിക്കറിവില്ല. എൽ. ഐ. സി. യിൽനിന്നും ഡിബഞ്ചർവഴിയായും അപെക്സ് സഹകരണസംഘത്തിനു വേണ്ട വായ്പാസൗകര്യം ലഭിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. സെൻട്രൽ പ്രോവിഡണ്ട്ഫണ്ടിൽനിന്നും വല്ല സഹായവും ഇതുവരെ ലഭിച്ചതായി അറിവില്ല. ഒരു പക്ഷേ വായ്പയുടെ സൗകര്യം ലഭിക്കുന്നതിനുള്ള നല്ലൊരുവിടം ഇതായിരിക്കണം. ഇങ്ങകലെ ഇരിക്കുന്ന എനിക്കതിൽ നിശ്ചയമില്ല.

ആഫ്രിക്കയെന്ന ഈ വൻകരയിൽ 40ലേറെ വരുന്ന രാജ്യങ്ങളിലൊന്നായ നൈജീരിയയിൽ ഞാനെന്റെ കഴിവനുസരിച്ച് സഹകരണ പരിശ്രമം നടത്തിവരികയാണ്. രാഷ്ട്രീയ സമ്മർദ്ദമോ ട്രേഡ് യൂണിയൻ ഭീഷണിയോ ഒന്നുമില്ലാതെ സ്വൈരമായ പ്രവർത്തനം. ഇവിടെയും സഹകരണ ഭവനനിർമ്മാണ പദ്ധതിക്കു രൂപംകൊടുത്തു. രണ്ടരകോടി ഉറുപ്പികയോളം വരുന്ന പദ്ധതിവിഹിതം ഗവൺമെണ്ടിൽനിന്നും അനുവദിക്കപ്പെടുകയുണ്ടായി. ഇവിടങ്ങളിൽ നൂതനമായ ഒരു പ്രവർത്തനമാണിത്. അന്നു ഞാൻ പ്രവർത്തിച്ചിരുന്ന സംസ്ഥാനം (നൈജീരിയയുടെ മൂന്നിലൊരു ഭാഗം) രാഷ്ട്രീയാടിസ്ഥാനത്തിൽ മൂന്നു സംസ്ഥാനമായി വിഭജിക്കപ്പെടുന്ന അവസരത്തിൽ അയൽ സംസ്ഥാനത്തിൽനിന്നും എന്റെ സേവനം ആവശ്യപ്പെട്ടതനുസരിച്ച് ആ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ലെന്നതിൽ കുണ്ഠിതമുണ്ട്.

ശ്രീ. എം. കെ. കൃഷ്ണന്റെ എഴുത്തു ലഭിച്ചപ്പോൾ ആവേശം ഉൾക്കൊണ്ടിരിക്കുകയാണ്. അടുത്ത പദ്ധതിയിൽ കൂടുതൽ വിഹിതം ലഭിക്കത്തക്ക ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ശ്രീ. കൃഷ്ണന്റെ എഴുത്തു പ്രചോദനം തന്നിരിക്കയാണ്.

കണ്ണൂർ സഹകരണ ബിൽഡിങ്ങ്സംഘം അവരുടെ നല്ലകാര്യത്തിലേക്കുള്ള സംരംഭ സന്ദർഭത്തിൽ എന്നെ ഓർത്തതിൽ ഞാൻ കൃതാർത്ഥനാണ്. ശ്രീ. കൃഷ്ണന്റെ സൗഹൃദത്തിനു നന്ദി. എന്റെ സർവ്വവിധമായ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

— —



Digitized by Kerala Sahitya Akademi

ജനങ്ങളുടെ ജീവിതത്തിനുപോലും രക്ഷയില്ല എന്നുവന്നിരിക്കുന്നു.

ദരിദ്രവിഭാഗങ്ങൾ പാർക്കുന്ന ചേരികളാകെ ചാളകളാകെ തീവെച്ച്, പകരം പടുകൂറ്റൻ പാർപ്പിടങ്ങൾ പുതിയതായി നിർമ്മിച്ചുകൊടുക്കുന്ന പരിപാടി ലോകത്തിലെ പല നഗരങ്ങളും ഉപേക്ഷിച്ചുകഴിഞ്ഞു. എഞ്ചിനീയർമാർ വരയ്ക്കുന്ന പ്ലാൻ അനുസരിച്ച് പല നിലകളിലുള്ള ഇത്തരം എടുപ്പുകൾ ആവശ്യമുള്ള തോതിൽ പണിയുവാൻ പണമില്ല. അതുകൊണ്ട് പറഞ്ഞാലൊടുങ്ങാത്ത പരമസങ്കടത്തിൽ കഴിയുന്ന ചേരിവാസികളെ ഉദ്ധരിക്കുന്ന പ്രശ്നം അവരുടെതന്നെ കഴിവും മനോധർമ്മവും മാത്രം ഉപയോഗിച്ച് പരിഹരിച്ചുകൊള്ളുവാൻ വിട്ടിരിക്കുകയാണ്! ഇത്, ആദ്യം കേൾക്കുമ്പോൾ തോന്നുന്നതുപോലെ, അത്ര ഗതികെട്ട ഒരു പരിപാടിയല്ലെന്നും, പല ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും ഈ വഴിക്ക് കാര്യമായ ഗുണമുണ്ടായിട്ടുണ്ടെന്നും റിപ്പോർട്ടുകളുണ്ട്. അവരുണ്ടാക്കുന്ന പാർപ്പിടങ്ങൾ ഫോട്ടോ എടുക്കുവാൻ പറ്റിയവയല്ലെങ്കിലും സാമാന്യസുഖത്തിൽ ജീവിക്കുവാൻ ഉതകുന്നവയാണെന്നും, അവയുടെ നിർമ്മാണച്ചെലവ് എത്രയോ തുച്ഛമാണെന്നും പറയുന്നു.

പരിഷ്കൃത ജീവിതത്തിന്റെ പരിപക്വഫലങ്ങളും ഉൽക്കൃഷ്ട പ്രതീകങ്ങളുമായ നഗരങ്ങൾ ശാപഗ്രസ്തമായി ആപത്തിൽ വീഴുന്നത് ഭയാനകമായ ദുരന്തമാണെങ്കിലും മനുഷ്യരാശിയിൽ ഭൂരിപക്ഷവും ഈ കോൺക്രീറ്റ് നരകങ്ങളിലല്ല ജീവിക്കുന്നതെന്ന് സമാധാനിക്കാവുന്നതാണ്. പക്ഷേ നഗരവാസികളല്ലാത്ത, ഭൂരിപക്ഷക്കാരായ, മറ്റു ജനങ്ങളുടെ വാസസ്ഥാനങ്ങളും ക്ഷയിക്കുകയാണെങ്കിൽ ഭുവനജീവിതം ദുരിതപൂർണ്ണമാകും. നിർഭാഗ്യവശാൽ അതിന്റെ ലക്ഷണങ്ങളും കണ്ടുതുടങ്ങിയിരിക്കുകയാണ്. നഗരപരിഷ്കാരം അതിശീഘ്രം ഗ്രാമപ്രദേശങ്ങളിലേക്കും വ്യാപിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല.

പതുക്കെപ്പതുക്കെ ലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഈ മഹാവിപത്തിന്റെ മൂലകാരണം ഭൂമിക്കു താങ്ങുവാൻ കഴിയാത്ത ജനപ്പെരുപ്പമാണ്. ഇന്ത്യയാണ് ഈ ആപത്തിനെ അതിന്റെ അതിരൂക്ഷഭാവത്തിൽ അഭിമുഖീകരിക്കുന്നത്. ഇന്ത്യയെക്കാൾ കൂടുതൽ ജനങ്ങളുള്ള രാജ്യം ഒന്നേയുള്ളു-ചൈന. അവിടെ 90 കോടിയുണ്ടെന്നാണ് പറയുന്നത്. ഇന്ത്യയിൽ അറുപതുകോടിയും. അതുപക്ഷേ 1976-ലെ കഥയാണ്. വർഷംതോറും ഒന്നരക്കോടി വീതമാണ് നമ്മുടെ ജനസംഖ്യ വർദ്ധിക്കുന്നത്. ഇവിടെ അത്യധികം പ്രസക്തമായ മറ്റൊരു വസ്തുതയുണ്ട്. അത്, ചൈനയ്ക്ക് ഇന്ത്യയെക്കാൾ മൂന്നര ഇരട്ടി ഭൂവിസ്തൃതിയുണ്ടെന്നുള്ളതാണ്. അവിടത്തെ ജനസംഖ്യ ഇന്നത്തേതിന്റെ ഇരട്ടിയായാലും ഇന്ത്യയിലെ അത്ര ഞെരുക്കം-ജനസാന്ദ്രത-അവർ അനുഭവിക്കുകയില്ല. ചൈനയിലെ കുടുംബാസൂത്രണ പരിപാടിയുടെ അനാദൃശ്യമായ കാര്യക്ഷമതയും ഇതേവരെയുള്ള വിജയവും ആലോചിക്കുമ്പോൾ ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇന്ത്യയിലെ ജനസംഖ്യ ചൈനയിലേതിനേക്കാൾ കൂടുതലായിരിക്കുമെന്നും പ്രവചിക്കുന്നവരുണ്ട്.

ഇന്ത്യയിൽ വനതലങ്ങൾ വെട്ടിത്തെളിയിക്കുന്നതിന്റെയും, വയലുകൾ നികത്തിയെടുത്ത് കെട്ടിടംവയ്ക്കുന്നതിന്റെയും, എത്ര വീതികൂടിയ റോഡും അതിവേഗം സഞ്ചാരയോഗ്യമല്ലാതാകുന്നതിന്റെയും, ചേരികളും ചാളകളും അർബുദംപോലെ വളരുന്നതിന്റെയും രഹസ്യം ഭീതിജനകമായ ഈ ജനപ്പെരുപ്പമാണ്. നഗരപ്രാന്തങ്ങളിൽ വലിയ പ്രതീക്ഷകളോടെ സമാരംഭിക്കുന്ന പുതിയ ജനവാസ കേന്ദ്രങ്ങളും എട്ടുപത്തു വർഷത്തിനുള്ളിൽ ചേരികളുടെ രൂപത്തെ പ്രാപിക്കുന്നതായി നിരീക്ഷകന്മാർ പറയുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അമേരിക്കയിലും യൂറോപ്പിലും സബർബിയ (Suburbia) എന്ന പേരിൽ നിലവിൽവന്ന, നഗരങ്ങൾക്കു വെളിയിലുള്ള, അധിവാസ കേന്ദ്രങ്ങൾ പ്രശാന്തരമണീയങ്ങളായ സാക്ഷാൽ ഗന്ധർവ്വ ലോകങ്ങളായിരുന്നു. ചെളിയും പൊടിയുമില്ലാതെ, വൃക്ഷങ്ങളും പുൽപ്പരപ്പുകളും ഉദ്യാനങ്ങളുംനിറഞ്ഞ്, കുപ്പിച്ചില്ലും കുന്തമുനയും തറച്ച മതിലുകളില്ലാതെ, വാഹനങ്ങൾക്കും കാൽനടക്കാർക്കും സുഖമായി സഞ്ചരിക്കുവാൻ പറ്റിയ നേർവഴികളോടുകൂടി, ഒറ്റനോട്ടത്തിൽതന്നെ സ്വാതന്ത്ര്യത്തിന്റെയും സ്വച്ഛന്ദജീവിതത്തിന്റെയും പ്രതീതി ജനിപ്പിക്കുന്ന, അതിമനോഹരമായ വാസസ്ഥലങ്ങൾ! കൊച്ചുകുട്ടികൾ ആപൽഭീതിയില്ലാതെ അവിടെ സൈക്കിളോടിക്കുന്നതും പന്തുതട്ടുന്നതും ഓടിക്കളിക്കുന്നതും ഒരിക്കലെങ്കിലും കണ്ടിട്ടുള്ളവർ രോമാഞ്ചത്തോടുകൂടി മാത്രമേ ആ അനുഭവം അനുസ്മരിക്കുകയുള്ളു. മനുഷ്യ ജീവിതത്തിന് ഏറ്റവും ഹിതകരമായ ചുറ്റുപാടുകളാണ് അവയെന്ന് ആരും സമ്മതിക്കും.

പക്ഷേ ജനപ്പെരുപ്പമില്ലാത്ത പാശ്ചാത്യ രാജ്യങ്ങളിലും ഇത്തരം വാസസ്ഥലങ്ങൾ ഇല്ലാതാവുകയാണ്. വിദ്യാഭ്യാസമോ സംസ്കാരമോ ഇല്ലാത്ത പുത്തൻപണക്കാരുടെ ഇരച്ചുകയറ്റവും, നഗരപരിഷ്കാരത്തിന്റെ [illegible] അറിയാതെയുള്ള നുഴഞ്ഞുകയറ്റവും, ഓരോ കുടുംബത്തിനും രണ്ടും മൂന്നും കാറുകളും ആവശ്യമുള്ളതും ഇല്ലാത്തതുമായ പലതരം യന്ത്രസാമഗ്രികളും വന്നുകൂടലുള്ള ബഹളവും, അന്തരീക്ഷമാലിന്യവും ശുദ്ധജലദൗർലഭ്യവും, ഊർജ്ജപ്രതിസന്ധിയും, വിലക്കയറ്റവും പണപ്പെരുപ്പവും, എല്ലാംകൂടി ഒരു തലമുറക്കാലത്തിനുള്ളിൽതന്നെ സബർബിയയുടെ സുസ്ഥിതിയെ ഹനിച്ചിരിക്കുന്നു. 'ഇതിനാണോ കാലത്തും വൈകുന്നേരവും മുപ്പതും നാല്പതും മൈൽ കാറോടിച്ച് ജോലിക്കു പോയ് വരേണ്ട പ്രയാസം വലിച്ചുവച്ചത്?' എന്ന് അവിടത്തെ താമസക്കാർ ചോദിച്ചു തുടങ്ങിയിരിക്കുന്നു. അതിനും പുറമെ പെട്രോളിന്റെ വിലക്കയറ്റവും കൂടിയായപ്പോൾ സബർബിയക്കാരന്റെ മഹാസങ്കടം പരമകാഷ്ഠയിലെത്തി.

ഇന്ത്യയിൽ സബർബിയ എന്ന സങ്കല്പംപോലും ഉണ്ടായില്ല. ഇനി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുവാനും സാധ്യമല്ല. നഗരങ്ങളെ അവയുടെ എല്ലാ പ്രയാസങ്ങളോടും വൃത്തികേടുകളോടുംകൂടി നാലുപാടും വികസിപ്പിക്കുക എന്ന പരിപാടിയാണ് നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ ഈ കൊച്ചു കേരളത്തിന്റെ ഉദാഹരണംതന്നെ നോക്കുക. അത് ഇപ്പോൾതന്നെ 15,000 ചതുരശ്രമൈൽ വിസ്താരമുള്ള ഒരു തിരക്കേറിയ പട്ടണമായിത്തീർന്നിരിക്കുകയാണ് ഈ പരിവർത്തനം ഇന്ത്യയിൽ മുഴുവനും വരും. 1971-ലെ കാനേഷുമാരിക്കണക്കനുസരിച്ച് കേരളത്തിൽ മൊത്തം 33.8 ലക്ഷം പാർപ്പിടങ്ങളുണ്ടെന്നും, അവയിൽ 25.35 ലക്ഷം ഓലമേഞ്ഞവയാണെന്നും നമ്മുടെ ഒരു മന്ത്രി ഈയിടെ (1978-ൽ ആദ്യം) പ്രസ്താവിച്ചിരിക്കുന്നതുകണ്ടു. 1971-ലെ കേരള ജനസംഖ്യ 213½ ലക്ഷമായിരുന്നു. അതിന്റെ അടിസ്ഥാന



Digitized by Kerala Sahitya Akademi

# സഹകരണവും വിദ്യാഭ്യാസവും

ടി. പി. രാഘവമേനോൻ

വിഷയം അല്പം അമ്പരിപ്പിക്കുന്നതാണ്. സഹകരണ വിദ്യാഭ്യാസത്തെപ്പററിയോ വിദ്യാഭ്യാസരംഗത്ത് അവശ്യം ആവശ്യമായ സഹകരണത്തെപ്പററിയോ, അഥവാ വിദ്യാഭ്യാസ പദ്ധതിയിൽ സഹകരണം ഒരു പാഠവിഷയമായി ഉൾക്കൊള്ളിക്കേണ്ടതിനെപ്പററിയോ എന്തിനെപ്പററി പരാമർശിച്ചാണ് ഉപന്യസിക്കേണ്ടതെന്നാണ് പ്രശ്നം. എല്ലാററിനെപ്പററിയും ധാരാളം പറയാനുണ്ട്. സഹകരണ പരിശീലന കേന്ദ്രങ്ങൾ ഉദ്യോഗാർത്ഥികളെ ഉദ്ദേശിച്ചുകൊണ്ട് നടത്തപ്പെടുന്നവ ആയതുകൊണ്ട് അത്തരം സ്ഥാപനങ്ങളുടെ പര്യാപ്തതയെയോ അപര്യാപ്തതയെയോ ചൂണ്ടിക്കാണിക്കുന്നത് അവസരോചിതമാണെന്ന് തോന്നുന്നില്ല. വിദ്യാഭ്യാസരംഗം സഹകരണ ബോധത്തിന്റെ അഭാവംകൊണ്ട് ഇന്ന് ആകമാനം കലങ്ങി മറിഞ്ഞിരിക്കയാണ്. വിദ്യാർത്ഥികളും അദ്ധ്യാപകൻമാരും വേണ്ടത്ര സഹകരണമില്ല. അദ്ധ്യാപകൻമാരും വിദ്യാഭ്യാസ അധികൃതരും തമ്മിൽ പരസ്പര ധാരണയോടെ പ്രവർത്തിക്കുന്നില്ല. വിദ്യാഭ്യാസ നിലവാരത്തിന്റെ ഇന്നത്തെ അധഃപ്പതനത്തിനുള്ള പല കാരണങ്ങളിലൊന്ന് വിദ്യാർത്ഥികളിലും അദ്ധ്യാപകൻമാരിലും രക്ഷിതാക്കളിലും വേണ്ടത്ര സഹകരണബോധം വേരൂന്നിയിട്ടില്ല എന്നതാണ്. അതുകൊണ്ട് ഭാവിതലമുറയെങ്കിലും സഹകരണബോധം വളർത്തുന്നതിന് പാഠവിഷയങ്ങളിൽ സഹകരണത്തിനുണ്ടായിരിക്കേണ്ട പങ്കിനെപ്പററിമാത്രമെ ഇവിടെ പരാമർശിക്കുന്നുള്ളു.

വിദ്യാഭ്യാസലക്ഷ്യങ്ങളെപ്പററി ഇന്നവരെ നിയമിക്കപ്പെട്ട സകല കമ്മീഷനുകളും കമ്മിററികളും ഉറപ്പി

---

ത്തിൽ നോക്കിയാൽ ആറുപേർക്ക് ഒരു പാർപ്പിടം എന്ന നിലയിൽപോലും നാം എത്തിയിട്ടില്ലെന്ന് കാണാം. വീടില്ലാത്തവരായി അനേകലക്ഷം കുടുംബങ്ങൾ കേരളത്തിൽതന്നെ ഉണ്ടെന്നാണ് ഈ കണക്കുകൾ തെളിയിക്കുന്നത്. എന്നാണ്, എങ്ങനെയാണ്, ഈ മഹാസങ്കടം നാം പരിഹരിക്കുവാൻ പോകുന്നതെന്ന് ആർക്ക് പറയാം? പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിന്റെ ചെലവ് ഭയാനകമായി വർദ്ധിക്കുകയാണ്. അതിനുവേണ്ട അത്യാവശ്യ സാധനങ്ങൾക്ക് കടുത്ത ദൗർലഭ്യവും നേരിട്ടിരിക്കുന്നു. രാജ്യവ്യാപകമായ, എല്ലാവർക്കും ബാധകമായ, ഒരു പാർപ്പിട നിർമ്മാണനയം ഉണ്ടാകേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്. എല്ലാവരുടെയും ഗൃഹത്തിനുവേണ്ടി അതിരുകടന്ന സ്വാർത്ഥമോഹങ്ങൾ തൃപ്തിക്കുവാൻ പ്രേരിപ്പിക്കുന്ന സഹകരണ പ്രസ്ഥാനത്തിലൂടെ ഇങ്ങനെ ഒരു നയം നടപ്പിൽവരുത്തുകയാണ് ഏററവും നല്ല മാർഗ്ഗം. അതല്ലെങ്കിൽ, ചൈനയിൽ ചെയ്തതുപോലെ, ഉഗ്രമുഷ്ടി പ്രയോഗംതന്നെ സ്വീകരിക്കേണ്ടിവരും. അത് ഹിംസയുടെ മാർഗ്ഗമാണ്. അടിയന്തരാവസ്ഥക്കാലത്ത് അതിന്റെ രുചിയും അല്പസ്വല്പം നാം അറിയുകയുണ്ടായി. അതുകൊണ്ട് അതിൽ ആർക്കും അഭിനിവേശമുണ്ടാകുമെന്ന് വിചാരിക്കുവാൻ ന്യായമില്ല. അങ്ങനെ മററെല്ലാരാജ്യകാര്യങ്ങളിലുമെന്നപോലെ ഈ വിഷയത്തിലും നമ്മുടെ ജനങ്ങൾക്ക് സദ്ബുദ്ധിയുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കാം.

---

നൂറും ഉദ്ഘോഷിക്കുന്നു. പക്ഷേ ലക്ഷ്യങ്ങളെ പാടെ വിസ്മരിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ പദ്ധതിയാണ് ഇന്നും നടന്നുവരുന്നത്. പുതിയ പാഠപദ്ധതിയും, പാഠക്രമവും, പരീക്ഷാസമ്പ്രദായവും വിദ്യാർത്ഥികളിലോ അദ്ധ്യാപകരിലോ രക്ഷിതാക്കളിലോ പറയത്തക്ക മാററങ്ങളൊന്നും വരുത്തിയിട്ടില്ല. മുൻകാലങ്ങളിലെന്നപോലെ ഇന്നും പഠിക്കുന്നത് പരീക്ഷയിൽ പാസ്സാകുന്നതിന് മാത്രം, പാസ്സാകുന്നതോ, ഉദ്യോഗസമ്പാദനത്തിനുള്ള അർഹത നേടുന്നതിനുതന്നെ. ഉദ്യോഗസമ്പാദന പരിശ്രമത്തിൽ പരാജയപ്പെടുമ്പോഴും വല്ല രാഷ്ട്രീയ കക്ഷിയിലും കടന്നുചാടി ഭാഗ്യപരീക്ഷ നടത്തുകയാണ്. അങ്ങനെയാണ് വിദ്യാർത്ഥികളുടെ ഇന്നത്തെ പോക്ക്. ഉദ്യോഗസ്ഥൻമാരിലും, ജോലിയില്ലാത്തവരിലും എല്ലാംതന്നെ ഇന്ന് ഏററവും പ്രകടിതമായി കാണുന്നത് സമരബോധമാണ്-സഹകരണബോധമല്ല- അങ്ങനെ ലക്ഷ്യവും, മാർഗ്ഗവും അറിവും തമ്മിൽ കേവലം പൊരുത്തപ്പെടാത്ത ഒരു വിദ്യാഭ്യാസക്രമമാണ് നിലവിലുള്ളത്.

വിദ്യാഭ്യാസം സാമൂഹ്യജീവിതത്തിന് അനുയോജ്യവും സഹായകരവും, അടിസ്ഥാനപരവുമായിരിക്കേണമെന്നത് ഒരിക്കലും അവഗണിച്ചുകൂടാ. ഓരോ രാജ്യത്തിനും അതിന്റേതായ സാമൂഹ്യവും, സാമ്പത്തികവും സാംസ്കാരികവുമായ നയങ്ങളുണ്ട്. അത്തരം നയങ്ങളെ മുൻനിറുത്തിയാണ് ഓരോ രാഷ്ട്രവും വിദ്യാഭ്യാസപദ്ധതിക്ക് രൂപംകൊടുക്കുന്നത്. പല കാര്യങ്ങളിലും ഭാരതം മററു രാജ്യങ്ങളിൽനിന്നും വ്യത്യസ്തമാണ്. അപ്പോൾ മററു രാജ്യങ്ങളിലെ വിദ്യാഭ്യാസ സമ്പ്രദായംതന്നെ നമ്മുടെ രാജ്യത്തും നടപ്പിലാക്കുക എന്നത് നമ്മുടെ ലക്ഷ്യങ്ങൾക്കും, നയങ്ങൾക്കും സംസ്കാരത്തിനും അനുയോജ്യമായിരിക്കുകയില്ല. നമ്മുടെ രാജ്യം ഒരു സമീകൃത സമ്പദ്‌വ്യവസ്ഥയെ ലക്ഷ്യമാക്കി പ്രയാണംചെയ്യുകയാണ്. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വിപുലമായ വിടവ് ക്രമീകൃതമായി, നിയമപരമായി നികത്തിക്കൊണ്ട് Co-operative Common wealth കെട്ടി



Digitized by Kerala Sahitya Akademi